Lalith Babu

## രജിസ്ട്രേഷൻ വകുപ്പ് നിശ്ചിത ഫീസ് ഈടാക്കി നൽകിവരുന്ന രേഖകൾ വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ടാലും രജിസ്ട്രേഷൻ വകുപ്പ് നിശ്ചയിച്ചിട്ടുള്ള ഫീസ് ഈടാക്കാവുന്നതാണ്

ഈ പരാതി ഹർജി സംബന്ധിച്ച് എതിർകക്ഷിയായ സബ് രജിസ്ട്രാർ 03/09/2013 തീയതി ഹർജിക്കാരന് അയച്ച മറുപടി കത്തിൽ. ഹർജിക്കാരൻ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ സബ് രജിസ്ട്രാർ ഓഫീസിലെ കമ്പ്യൂട്ടറുകളും റിക്കോർഡുകളും തെരഞ്ഞു നോക്കി കണ്ടുപിടിക്കേണ്ടതാണെന്നും ആയതിനാൽ തിരച്ചിൽ ഫീസായി ഓരോ വ്യക്തിയുടെ പേരിലുള്ള വസ്തുക്കളാണെങ്കിൽ 500/- രൂപയും. കൂട്ടായി ലഭിച്ച വസ്തുവാണെങ്കിൽ 250/- രൂപയും ഓഫീസിൽ ഒടുക്കേണ്ടതാണെന്നും മറ്റും രേഖപ്പെടുത്തിയിട്ടുണ്ട്. തുടർന്ന് 24/09/2013 തീയതി വീണ്ടും എതിർകക്ഷി ഹർജിക്കാരന് അയച്ച കത്തിൽ തിരച്ചിൽ ഫീസായി 250/- രൂപയും ബാദ്ധ്യതാവിവരങ്ങൾ നൽകുവാൻ 1000/- രൂപയും ആകെ 1250/- രൂപയും അടയ്ക്കുവാനും നിർദ്ദേശിച്ചു. തുടർന്ന് ഹർജിക്കാരൻ ഫീസ് അടയ്ക്കുകയും 08/10/2013 തീയതി രേഖകൾ ഹർജിക്കാരൻ കൈപ്പറ്റുകയും ചെയ്തു.

വിവരാവകാശ നിയമം 7(3) വകുപ്പ് പ്രകാരം വിവരം നൽകുന്നതിന് വേണ്ടി വരുന്ന ചിലവ് സംബന്ധിച്ച് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് തീരുമാനം എടുക്കാവുന്നതാണ്. കൂടാതെ Kerala Right to Information (Regulation of fee and cost) Rule 2006. 4 (b) (c) പ്രകാരം "actual charge, actual cost" എന്നിവ നിശ്ചയിച്ചിട്ടുള്ളപ്പോൾ ഈ നിരക്ക് പ്രകാരം ഫീസ് ഈടാക്കേണ്ടതുമാണ്. Encumbrance certificate എന്നത് ഏതെങ്കിലും സർക്കാർ ഫയലിൽ സൂക്ഷിച്ചിട്ടുള്ള വിവരങ്ങളുടെ പകർപ്പല്ല. മറിച്ച് ഓരോ വസ്തുവിനെ സംബന്ധിച്ച് വിവിധ കാലയളവിൽ നടത്തിയിട്ടുള്ള കൈമാറ്റങ്ങൾ സംബന്ധിച്ച് ബന്ധപ്പെട്ട രജിസ്റ്ററുകളിൽ നിന്നും, വ്യത്യസ്ഥ വാല്യങ്ങളിൽ തിരഞ്ഞു കണ്ടുപിടിച്ച് ശേഖരിച്ച് നൽകേണ്ട ഒരു രേഖയാണ്. ആയതിനാൽ വിവരാവകാശ നിയമത്തിൽ വ്യവസ്ഥ ചെയ്ത പ്രകാരം ഒരു പേജിന് 2/- നിരക്കിൽ ഇത്തരം വിവരങ്ങൾ നൽകണമെന്ന് സംസ്ഥാന വിവരാവകാശ കമ്മീഷന് നിർദ്ദേശിക്കുവാനാവില്ല. കേരള സർക്കാരിന്റെ രജിസ്ട്രേഷൻ വകുപ്പ് നിശ്ചയിച്ചിട്ടുള്ള തരത്തിൽ ഫീസ് ഈടാക്കി വിവരങ്ങൾ നൽകിയ എതിർകക്ഷിയുടെ നടപടിയിൽ തെറ്റില്ലെന്ന് കമ്മീഷൻ വിലയിരുത്തുന്നു. ആയതിനാൽ മേൽപറഞ്ഞ സാഹചര്യങ്ങളിൽ ഈ പരാതി ഹർജി സംബന്ധിച്ചുള്ള മേൽനടപടികൾ അവസാനിപ്പിച്ചുകൊണ്ട് കമ്മീഷൻ ഇന്നേ ദിവസം 2014 ഏപ്രിൽ 11-ന് ഈ ഹർജി തീർപ്പാക്കുന്നു.